Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

24.04.2026

# പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ മെഡിക്കൽ പവലിയൻ ഉദ്ഘാടനം ചെയ്തു.

തൃശ്ശൂർ പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഒരുക്കിയ മെഡിക്കൽ പവലിയൻ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രിയുടെ എഴുപത്തഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സജ്ജീകരിച്ചിരിക്കുന്ന പവലിയൻ ആരോഗ്യബോധവത്കരണത്തിന് പ്രാധാന്യം നൽകുന്നതാണ്. പവിലിയന്റെ ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ചടങ്ങിൽ പൂരം എക്സിബിഷൻ കമ്മിറ്റി പ്രസിഡണ്ട് എം. ജയചന്ദ്രൻ, വൈസ് പ്രസിഡണ്ടുമാരായ ശ്രീവൽസൻ എസ്. കുറുപ്പൽ, എ. അരവിന്ദക്ഷൻ, സെക്രട്ടറി കെ. ദിലീപ് കുമാർ, ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ വിവിധ വിഭാഗങ്ങളിലെ ഡോക്ടർമാർ, അധ്യാപകർ, സാങ്കേതിക പ്രവർത്തകർ എന്നിവർ പങ്കെടുത്തു. പവിലിയനിൽ ഈ വർഷം പ്രത്യേകമായി വയോജനങ്ങളുടെ ആരോഗ്യപരിരക്ഷക്ക് പ്രധാന്യം നൽകിക്കൊണ്ട് അവരെ പരിപാലിക്കേണ്ട രീതികളെക്കുറിച്ച് ജീറിയാട്രിക് മെഡിസിൻ വിഭാഗത്തിന്റെ ബോധവത്കരണവും ആരോഗ്യപരിപാലനത്തോടൊപ്പം രോഗശാന്തിയും ജീവിതനിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷന്റെ അവബോധന ക്ലാസുകളും ഉണ്ടായിരിക്കും. അടിയന്തര സാഹചര്യങ്ങളിൽ വേണ്ട പ്രഥമ ശുശ്രൂഷ നൽകുന്നതിനായി പൊതുജനങ്ങളെ സജ്ജരാക്കുന്നതിനായി സന്ദർശകർക്ക് ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനവും നൽകുന്നു. ആധുനിക ചികിത്സാരീതികളോടൊപ്പം ആയുർവേദ സ്റ്റാളുകളും പവലിയനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത ആരോഗ്യപരിപാലന രീതികളും സമഗ്ര ചികിത്സാ സമീപനവും സന്ദർശകർക്ക് പരിചയപ്പെടുത്തുന്നതാണ്. എക്സിബിഷനിൽ ഉണ്ടായേക്കാവുന്ന ഏതൊരു അത്യാഹിതവും ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യാൻ ജൂബിലിയുടെ മെഡിക്കൽ ടീം സജ്ജമാണെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അറിയിച്ചു.